# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:196** **07.08.2017-ൽ മറുപടിക്ക്**

## ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീ. കാരാട്ട് റസാഖ്**<br>**ശ്രീ. എം. മുകേഷ്**<br>**ശ്രീ. പി.കെ. ശശി** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് റോഡ് അപകടങ്ങളുമായി ബന്ധപ്പെട്ടുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ), ബി) & സി) | NATPAC ന്റെയും റോഡ് സേഫ്റ്റി അതോറിറ്റിയുടേയും കണക്കുകൾ പ്രകാരം സംസ്ഥാനത്ത് റോഡ് അപകടങ്ങളുമായി ബന്ധപ്പെട്ടുള്ള മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ഏത് അടിയന്തിര സാഹചര്യവും നേരിടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാ കെയർ - നാഷണൽ ഹൈവേസ് എന്ന കേന്ദ്ര പദ്ധതി പ്രകാരമുള്ള ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിന് 367.5 ലക്ഷം രൂപയും കോഴിക്കോട് മെഡിക്കൽ കോളേജിന് 804 ലക്ഷം രൂപയും ഒന്നാംഘട്ട കേന്ദ്രവിഹിതമായി അനുവദിച്ചിട്ടുണ്ട്.<br><br>ജനറൽ ആശുപത്രി തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ട്രോമാ കെയർ സംവിധാനം ലഭ്യമാണ്. കൊല്ലം ജില്ലയിൽ ജില്ലാ ആശുപത്രിയിലും കൊട്ടാരക്കര, നീണ്ടകര താലൂക്ക് ആശുപത്രിയിലും ട്രോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇപ്പോഴും അത്യാഹിത വിഭാഗത്തിൽ വരുന്ന ട്രോമാ കെയർ രോഗികൾക്കു വേണ്ട ചികിത്സ നൽകി വരുന്നു. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, |
| ബി) | കൃത്യമായ ട്രോമ കെയറിന്റെ അഭാവം ഇപ്രകാരമുള്ള മരണസംഖ്യ പെരുകുന്നതിന് കാരണമാകുന്നതിനാൽ സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ആശുപത്രികളിലും മികച്ച ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | |
| സി) | ഇത്തരം ആശുപത്രികളിൽ വിപുലമായ രീതിയിലുള്ള ആധുനിക ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, ഇടുക്കി, പാലക്കാട്, വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപകടത്തിൽ പരിക്ക് ഏൽക്കുന്നവർക്ക് അടിയന്തിര വൈദ്യസഹായം നൽകാൻ എല്ലാ ആശുപത്രികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ട്രോമാ കെയർ സംവിധാനം നിലവിലുണ്ട്. കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രം, ആലത്തൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ട്രോമാ കെയർ സംവിധാനം നടപ്പാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്. എല്ലാ താലൂക്ക് ആശുപത്രികളിലും റോഡ് അപകടത്തിൽപ്പെട്ട് വരുന്ന രോഗികൾക്ക് ചികിത്സ ലഭ്യമാണ്.<br><br>കേരള എമർജൻസി മെഡിക്കൽ സർവ്വീസ് (108 ആംബുലൻസ്) എന്ന പദ്ധതിയുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷത്തിൽ 13.48 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**